**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1926** **04-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കായിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്റഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്നതും തുടരുന്നതുമായ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതി പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്നതും തുടരുന്നതുമായ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതി പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിർവ്വഹണ ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | വോർക്കാടി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം | 100 | സ്പോർട്സ് കേരള ഫൗണ്ടേഷൻ | 2023-24 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 14.12.2023-ന് 1.00 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, 90.39 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച് ലഭിച്ച ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ അലി. സി.എച്ച്, കാസർഗോഡ് എന്ന കരാറുകാരനുമായി 66.40 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും പ്രവൃത്തി പുരോഗമിക്കുകയുമാണ്. വോർക്കാടി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, കോമ്പൗണ്ട് വാൾ, ഗേറ്റ്, ഫ്ലഡ് ലൈറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 45% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മാർച്ച് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 2 | മീഞ്ച ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം | 100 | സ്പോർട്സ് കേരള ഫൗണ്ടേഷൻ | 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രസ്തുത പദ്ധതിക്ക് 15.12.2023 ൽ 1.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 90.35 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച് ലഭിച്ച ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (കരാർ ഏറ്റെടുത്തത് ശ്രീ. റോണി ഡിസൂസ, കാസർഗോഡ്) കരാറുകാരനുമായി 77.65 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും പ്രവൃത്തി പുരോഗമിക്കുകയുമാണ്. മീഞ്ച ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, സ്റ്റെപ്പ് ഗ്യാലറി, സ്റ്റേജ്, |

| | | | | |
|---|---|---|---|---|
| | | | | കോമ്പൗണ്ട് വാൾ, ഗേറ്റ്, റീട്ടൈനിംഗ് വാൾ, ഫ്ലഡ് ലൈറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 25% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മാർച്ച് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 3 | (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ | 100 | സ്പോർട്സ് കേരള ഫൗണ്ടേഷൻ | ഒരുപഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ടി പ്രവൃത്തിയ്ക്ക് മഞ്ചേശ്വരം നിയോജക മണ്ഡലം എം.എൽ.എ ശ്രീ. എ.കെ.എം അഷ്റഫ് അവർകളുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 15.01.2025 തീയ്യതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് കായിക വകുപ്പിന്റെ പ്ലാൻഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. തുടർന്ന് 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. നസീർ. ഐ, കാസർഗോഡ് എന്ന കരാറുകാരനാണ് 68.69 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ മഡ് ഫുട്ബോൾ കോർട്ട്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, നിലവിലുള്ള കോമ്പൗണ്ട് വാളിന്റെ നവീകരണം, ടോയ്ലെറ്റ് ബ്ലോക്ക്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള സൈറ്റ് മാർക്ക് ചെയ്ത് നൽകാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| 4 | എൻമകജെ ഗ്രാമപഞ്ചായത്തിലെ കായിക അടിസ്ഥാന സൗകര്യ | 100 | സ്പോർട്സ് കേരള ഫൗണ്ടേഷൻ | 15.01.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. നസീർ. ഐ, കാസർഗോഡ് എന്ന |

| | | | | |
|---|---|---|---|---|
| | വികസനം | | | കരാറുകാരനാണ് 72.17 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ മഡ് ഫുട്ബോൾ കോർട്ട്, മഡ് വോളീബോൾ കോർട്ട്, ഫെൻസിംഗ്, ഡ്രെയിൻ, കോമ്പൗണ്ട് വാൾ, ഗേറ്റ്, സ്റ്റെപ്പ് ഗ്യാലറി & സ്റ്റേജ്, ടോയ്ലറ്റ് കം ഓഫീസ് ബിൽഡിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 24.09.2025 തീയ്യതിയിൽ എൻമകജെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മഞ്ചേശ്വരം എം.എൽ.എ യ്ക്ക് നൽകിയ കത്ത് പ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങളിൽ മാറ്റം വരുത്തുവാൻ അഭ്യർത്ഥിച്ചിരുന്നു. നിലവിൽ ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 5 | മണിയംപാറ സ്റ്റേഡിയം നിർമ്മാണം | | സ്പോർട്സ് കേരള ഫൗണ്ടേഷൻ | 2025 - 26 ബഡ്ജറ്റിൽ ക്രമ നം 2432 ആയി ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് മുഖേന ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരികയാണ്. |
| 6 | (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) ഹേരൂർ ജി .എച്ച് .എസ്.എസ് മംഗൾപ്പാടി ഗ്രാമപഞ്ചായത്ത് | | സ്പോർട്സ് കേരള ഫൗണ്ടേഷൻ | 20.09.2025 തീയ്യതിയിലെ സ.ഉ.(സാധാ) നം. 238/2025/കാ.യു.വ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ രണ്ടാം ഘട്ടമായി നടപ്പിലാക്കേണ്ട പദ്ധതികളുടെ ലിസ്റ്റിൽ ടി പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും ഗ്രൗണ്ടിന്റെ ലൊക്കേഷൻ മാറ്റുവാൻ സ്കൂളിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**